**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2554** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം നഗരസഭയുടെ കീഴിൽ ആധുനിക ക്രിമറ്റോറിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് കോതമംഗലം നഗരസഭയുടെ കീഴിൽ ആധുനിക ക്രിമറ്റോറിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോതമംഗലം നഗരസഭയിൽ കിഫ്ബി ധനസഹായത്തോടെ ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന ആധുനിക വാതക ക്രിമിറ്റോറിയം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബിയിൽ 06.12.2022 ന പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് 12.04.2023 ലെ നടപടിക്രമ ഉത്തരവ് പ്രകാരം ടി പദ്ധതിയ്ക്ക് 3.82 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. നിലവിൽ ടി പദ്ധതിയ്ക്ക് ആവശ്യമായ statutory clearance -കളിൽ PCB NoC, Collector's NoC എന്നിവ ലഭ്യമായിട്ടുണ്ട്. Structural Scrutiny Report അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ആവശ്യമായ തിരുത്തലുകൾ വരുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചു വരുന്നു. |
| (ബി) | നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സാങ്കേതികാനുമതി ലഭ്യമാക്കിയതിനു ശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ടി പദ്ധതിയുടെ നിർമ്മാണം പദ്ധതി നിർവ്വഹണ ഏജൻസി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ